പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.727        30.06.2015-ൽ മറുപടിക്ക്

## ആശുപത്രി ജീവനക്കാരുടെ അഭാവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാരാശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും ജീവനക്കാരും ഇല്ലാത്തതിനാൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് പറയാമോ; | (ബി)ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെയും നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ ഒഴിവുകളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | തസ്തിക | ഒഴിവ് |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (അഡ്മിനിസ്ട്രേറ്റീവ് കേഡർ) | 41 |
| 2 | മെഡിക്കൽ ഓഫീസർ (ജനറൽ കേഡർ) | 136 |
| 3 | മെഡിക്കൽ ഓഫീസർ (സ്പെഷ്യാലിറ്റി കേഡർ) | 410 |
| 4 | സ്റ്റാഫ് നഴ്സ് ഗ്രേഡ് - I | 23 |
| 5 | ഡയറ്റീഷ്യൻ (സീനിയർ ഗ്രേഡ്) | 2 |
| 6 | ഹെഡ് നഴ്സ് | 170 |
| 7 | ഫാർമസിസ്റ്റ് ഗ്രേഡ് - II | 12 |
| 8 | ഫാർമസിസ്റ്റ് ഗ്രേഡ് - I | 3 |
| 9 | ജില്ലാ ഒഫ്ത്താൽമിക് കോ-ഓർഡിനേറ്റർ | 1 |
| 10 | ജൂനിയർ സയന്റിഫിക് ഓഫീസർ | 10 |
| 11 | സയന്റിഫിക് ഓഫീസർ | 1 |
| 12 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II | 6 |

| | | |
|---|---|---|
| 13 | ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് - II | 1 |
| 14 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് - I | 26 |
| 15 | ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ് - II | 10 |

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി) ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജന്മാരുടെ നിലവിലുള്ള ഒഴിവുകളെല്ലാം തന്നെ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സർവ്വീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നിലവിലുള്ള ഒഴിവുകളിൽ എല്ലാംതന്നെ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം മുഖാന്തരവും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുമുണ്ട്.

സ്റ്റാഫ് നഴ്സ് ഗ്രേഡ്-2-ന്റെ ജില്ലയിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ബന്ധപ്പെട്ട ജില്ലാ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സീനിയർ ഗ്രേഡ് ഡയറ്റീഷ്യന്റെ തസ്തികയിൽ നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

സ്റ്റാഫ് നഴ്സ് ഗ്രേഡ്-1-ന്റെ 23 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഹെഡ് നഴ്സുമാരുടെ 170 ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2, ഇ.സി.ജി, ടെക്നീഷ്യൻ ഗ്രേഡ്-2, ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്-2 എന്നീ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജില്ലാ ഒഫ്താൽമിക് കോ-ഓർഡിനേറ്റർ, ജൂനിയർ സയന്റിഫിക് ഓഫീസർ, സയന്റിഫിക് ഓഫീസർ എന്നീ തസ്തികകൾ ഗസറ്റഡ് പ്രൊമോഷൻ തസ്തികയായതിനാൽ ടി തസ്തികയിൽപ്പെട്ടവരെ നിയമിക്കുന്നതിന് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി പ്രൊമോഷൻ നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ